**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5527** — **18.11.2019-ൽ മറുപടിക്ക്**

## പിറവം മുൻ മുനിസിപ്പൽ വൈസ് ചെയർപേഴ്സനിനെതിരെ കേസ്

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പൊതുപ്രവർത്തനത്തിന്റെ ഭാഗമായി സ്വന്തം വാർഡിലെ സരോജിനി ഭാസ്കരൻ എന്ന രോഗിയ്ക്ക് ചികിത്സ നിഷേധിക്കപ്പെട്ട വിവരം അന്വേഷിക്കാൻ 21.10.2019-ന് പിറവം താലൂക്ക് ആശുപത്രിയിൽ എത്തിയ മുൻ പിറവം മുനിസിപ്പൽ വൈസ് ചെയർപേഴ്സണും നിലവിൽ കൗൺസിലറുമായ ഐഷാ മാധവനെതിരെ പിറവം പോലീസ് കേസെടുത്തിട്ടുണ്ടോ; | (എ) | പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ കേസെടുക്കാൻ ഇടയായ സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസെടുത്തിരിക്കുന്നത്; | (ബി) | പിറവം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലെ ക്യാഷ്വാലിറ്റിയിൽ മെഡിക്കൽ ഓഫീസർ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ടി ഡോക്ടറുടെ ഡ്യൂട്ടി തടസ്സപ്പെടുത്തിയതിന് പിറവം പോലീസ് സ്റ്റേഷൻ ക്രൈം. നം. 1444/2019 U/s 447,353,506(1),34 IPC& 3 r/w 4 of Kerala Health Care Service Persons and Health Care Institutions (Prevention of Violence and damages of Properties) Act 2012 പ്രകാരം പിറവം മുൻസിപ്പൽ കൗൺസിലർ ഐഷാ മാധവനും കണ്ടാൽ അറിയാവുന്ന മറ്റ് രണ്ട് പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

| | |
|---|---|
| (സി) കേസെടുക്കുന്നതിന് മുൻപ് പ്രസ്തുത ജനപ്രതിനിധിയ്ക്ക് പറയാനുള്ളത് പോലീസ് കേട്ടിരുന്നോ എന്നും ഇല്ലെങ്കിൽ അതിന്റെ സാഹചര്യമെന്താണെന്നും അറിയിക്കുമോ? | (സി) ഡോക്ടറുടെ പരാതി ലഭിച്ചതിനുശേഷം സംഭവത്തിന്റെ നിജസ്ഥിതി അറിയുന്നതിന് പിറവം മുൻസിപ്പൽ കൗൺസിലർ ഐഷാ മാധവനെ പിറവം പോലീസ് സ്റ്റേഷൻ എസ്.ഐ പലതവണ ഫോണിൽ ബന്ധപ്പെട്ട് നടപടി ആവശ്യമുണ്ടെങ്കിൽ രേഖാമൂലം പരാതി നൽകുവാൻ ആവശ്യപ്പെട്ടെങ്കിലും യാതൊരു വിധ മറുപടിയും ലഭിച്ചിട്ടില്ലാത്തതാണ് എന്നാണ് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ